നം.എൻ.ഇ.പി (3)/72133/2016/ഡിപിഐ **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം**

തിരുവനന്തപുരം

തീയതി 04.02.2017

## സർക്കുലർ

വിഷയം : **പൊതുവിദ്യാഭ്യാസം - മൂന്നാംക്ലാസിലെ ഐ.സി.ടി പാഠപുസ്തകം 'കളിപ്പെട്ടി' - പുസ്തകവിതരണവും പഠനവും പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വായന:- പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ജനറലിന്റെ 20.01.2017 ലെ എൻ.ഇ.പി (3)72133/2016/ഡിപിഐ നമ്പർ സർക്കുലർ.

മൂന്നാംക്ലാസിലെ 'കളിപ്പെട്ടി' ഐസിടി പാഠപുസ്തകവിതരണവും പഠനവും താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് വായനയിലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. പാഠപുസ്തകത്തിന്റെ രണ്ടാംപേജിൽ ചില വരികൾ അച്ചടിച്ചുവന്നിട്ടില്ലാത്തതുമൂലമാണ് പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയിരുന്നത്. പാഠപുസ്തകത്തിന്റെ രണ്ടാംപേജ് ശരിയായി അച്ചടിച്ച് കെ.ബി.പി.എസ്. ൽ നിന്നും സർവശിക്ഷാ അഭിയാന്റെ ബി.ആർ.സി.കളിൽ എത്തിച്ചിട്ടുണ്ട്. പ്രസ്തുത പേജ് എല്ലാ പാഠപുസ്തകത്തിലും ചേർക്കുന്നതിനും മൂന്നാംക്ലാസിലെ ഐ.സി.ടി. പഠനം പുനഃസ്ഥാപിക്കുന്നതും സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 'കളിപ്പെട്ടി' ബി.ആർ.സി.കൾ മുഖേനയാണ് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നത്. ബി.ആർ.സി കളിൽ വിതരണം ചെയ്യാത്ത മൂന്നാക്ലാസ് ഐ.സി.ടി. പാഠപുസ്തകങ്ങളുണ്ടെങ്കിൽ പുതുതായി ലഭിച്ച രണ്ടാംപേജ് പാഠപുസ്തകങ്ങളുടെ യഥാസ്ഥാനത്ത് ഒട്ടിച്ചതിന് ശേഷം പുസ്തകവിതരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടതാണ്. ബി.ആർ.സി കോർഡിനേറ്റർമാർ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതും ഡി.പി.ഒ.മാർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്.

- സ്കൂളുകളിലേയ്ക്ക് വിതരണം ചെയ്ത എല്ലാ മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകങ്ങളിലും പുതുതായി തയ്യാറാക്കിയ രണ്ടാം പേജ് ലഭ്യമാക്കുന്നതിന് ബി.ആർ.സി. കോ-ഓർഡിനേറ്റർമാർ ക്രമീകരണം ഒരുക്കേണ്ടതാണ്.

- മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകം ലഭിച്ച എല്ലാ സ്കൂളുകളിലേയും പ്രഥമാധ്യാപകർ പുതുതായി തയ്യാറാക്കി ബി.ആർ.സി.കളിൽ എത്തിച്ച മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകത്തിന്റെ രണ്ടാം പേജ് ബി.ആർ.സി.കളിൽ നിന്ന് ശേഖരിക്കേണ്ടതും സ്കൂളിൽ ലഭിച്ച എല്ലാ മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകങ്ങളിലും പ്രസ്തുത പേജ് യഥാസ്ഥാനത്ത് ഒട്ടിക്കുന്നതിന് ക്രമീകരണം ഒരുക്കേണ്ടതുമാണ്.

- മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകത്തിന്റെ രണ്ടാം പേജ് കൃത്യമായി പുനഃസ്ഥാപിച്ച എന്ന് ഉറപ്പുവരുത്തി മൂന്നാം ക്ലാസ്സിലെ ഐ.സി.ടി. പഠനം പുനഃസ്ഥാപിക്കുന്നതിന് അതത് സ്കൂൾ പ്രഥമാധ്യാപകർ ക്രമീകരണം ഒരുക്കേണ്ടതാണ്.

- ഓരോ സ്കൂളിലും ലഭിച്ച എല്ലാ മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകങ്ങളിലും പുതുക്കിയ രണ്ടാം പേജ് ഉൾപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്തം അതത് സ്കൂൾ പ്രഥമാധ്യാപകർക്കാണ്.

- ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/വിദ്യാഭ്യാസ ഉപ ഡയറക്ടർ എന്നിവർ അവരവരുടെ അധികാരപരിധിയിലുള്ള എല്ലാ സ്കൂളുകളിലും മൂന്നാം ക്ലാസ് ഐ.സി.ടി. പാഠപുസ്തകം ലഭ്യമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും ക്രമീകരണങ്ങളും ഒരുക്കേണ്ടതും പ്രസ്തുത പാഠപുസ്തകത്തിൽ പുതുതായി നൽകിയ രണ്ടാം പേജാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

(പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ ജനറൽ)

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖേന)

പകർപ്പ്.:

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്എസ്എ, തിരുവനന്തപുരം
ടെക്സ്റ്റ്ബുക്ക് ഓഫീസർ, തിരുവനന്തപുരം